# കാലത്തിന്റെ ചുമരെഴുത്ത്

## നിരീശ്വരവാദവും നിർമ്മതത്വവും അക്രമത്തിനു പ്രേരിപ്പിക്കുന്നു

(സ്വാമി ഗുരുപ്രസാദ്)

(Please log on our website:www.bhaktashramam.org ( facebook com.bhaktashramam)
Titled **'21st Century Prescription for World Peace'**
(Real solution for climate change.) Email:bhaktashramam@ymail.com)

---

സോവിയറ്റ് ഗവൺമെന്റ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള "എ.ബി.സി.ആഫ്. കമ്മ്യൂണിസം" എന്ന ഗ്രന്ഥത്തിൽ സ്പഷ്ടമായ ഭാഷയിൽ ഇങ്ങനെ പറയുന്നു. "മതമേതായാലും മനുഷ്യനു വിഷമാണ് " അതു അവന്റെ സുബോധത്തെ നശിപ്പിക്കുകയും, മനസ്സിനേയും മനഃസാക്ഷിയേയും മൃതിപ്പെടുത്തുകയും ചെയ്യുന്നു. അവസാനം വരെ അതിനോടു യുദ്ധം ചെയ്യണം. എല്ലാ സാന്മാർഗ്ഗീക സംഹിതകളേയും പരിഷ്ക്കരിക്കുവാനല്ല നശിപ്പിക്കുവാനാണ് നമ്മുടെ ശ്രമം. സോവിയറ്റ് ശക്തി മതത്തെ ഉന്മൂലനം ചെയ്യുവാൻ തീവ്രതരമായ പ്രചാരവേല ചെയ്യണം. 'പ്രവദ' എന്ന പത്രത്തിൽ റഷ്യൻ ബോൾഷെവിസ്റ്റുകാരുടെ ഒരു വലിയ നേതാവായ ബുക്കാറിൻ ഇങ്ങനെ എഴുതുകയുണ്ടായി. "മതവും കമ്മ്യൂണിസവും തമ്മിൽ ആദർശത്തിലും പ്രവൃത്തിയിലും വിഭിന്നങ്ങളാണ്."

സോവിയറ്റ് ഗവൺമെന്റിന്റെ മേൽനോട്ടത്തിൽ മോസ്കോ നഗരത്തിൽ 1922ൽ ഒരു നാസ്തിക തീയേറ്റർ ഉദ്ഘാടനം ചെയ്യുകയുണ്ടായി. സോവിയറ്റ് വിദ്യാഭ്യാസ മന്ത്രി ഗവൺമെന്റു പത്രമായ "ബൈജോബനിക്ക"അതായതു 'നിരീശ്വരവാദിയിലെഴുതിയിരിക്കുന്നതു നോക്കുക'. ചരിത്രത്തിൽ ആദ്യവസാനം ജനതയ്ക്കു ഇത്ര പൈശാചികമായ കൊടുമകൾ ചെയ്ത ഈശ്വരദുർഭൂതത്തോടു പടവെട്ടുവാനേർപ്പെട്ടിട്ടുള്ള ബൈജോബനിക്കിന് ഞാൻ സർവ്വ മംഗളങ്ങളും ആശംസിക്കുന്നു'.

റഷ്യയിലെ വിദ്യാഭ്യാസമന്ത്രി മോസ്ക്കോവിൽ വച്ചു നടത്തിയ ഒരു പ്രസംഗത്തിലെ ഏതാനും ഭാഗങ്ങൾ ശ്രദ്ധിക്കുക. "ക്രൈസ്തവരേയും ക്രിസ്തുമതത്തേയും നാം വെറുക്കുന്നു. അവരിൽ ഏറ്റവും ഉത്തമരായിട്ടുള്ളവർ പോലും നമ്മുടെ ഏറ്റവും വലിയ ശത്രുക്കളാണ്." ക്രിസ്തുവിന്റെ കരുണയും അയൽക്കാരനോടുള്ള സ്നേഹവും ഇവ രണ്ടും കമ്മ്യൂണിസത്തിന്റെ തത്വങ്ങൾക്കു കടക വിരുദ്ധങ്ങളാണ്. വിപ്ലവത്തിന്റെ വളർച്ചക്ക് സ്നേഹം ഒരു പ്രതിബന്ധമാണ്. അതിനെ അടിച്ചമർത്തണം. വിദ്വേഷമാണ് നമുക്കിന്നാവശ്യമുള്ളത്. ദ്വേഷിക്കുവാൻ നാം പഠിക്കണം. എങ്കിൽ മാത്രമെ നമുക്കു ലോകത്തെ ജയിക്കുവാൻ സാധിക്കുകയുള്ളൂ.

1903 മെയ് മാസം 15-ാം തീയതി തിരുവിതാംകൂർ Joint Stock Company നിയമപ്രകാരം രജിസ്റ്റർ ചെയ്ത സംഘടനയാണ് SNDP . ഈഴവ സമുദായത്തിന്റെ ദൈവീകവും(മതപരവും) ലൗകീകവുമായ വിദ്യാഭ്യാസത്തേയും മറ്റും പ്രോൽസാഹിപ്പിക്കുകയാണ് ഉദ്ദേശം. അരുവിപ്പുറം ശിവക്ഷേത്രത്തിലും അതിനോടു ചേർന്നോ അതിന്റെ കീഴിൽ ഉൾപ്പെടുന്നതോ ആയ ക്ഷേത്രങ്ങളിലും ഉള്ള നിത്യപൂജാവാർഷീകോൽസവം മുതലായ സർവ്വകാര്യങ്ങളും നടത്തുക. വൈദീകവും ലൗകീകവുമായ വിദ്യാഭ്യാസത്തെ പ്രോൽസാഹിപ്പിക്കുക, വ്യവസായ ശീലത്തെ വളർത്തുക, അരുവിപ്പുറത്തും മറ്റു സ്ഥലങ്ങളിലും സന്ന്യാസിമഠം, ആശ്രമം, ക്ഷേത്രം, സ്ക്കൂൾ മുതലായവ ഏർപ്പെടുത്തുന്നതിനു പ്രോൽസാഹിപ്പിക്കുക, ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രചരിപ്പിക്കുക, വിശേഷതരമായ പുസ്തകങ്ങൾ എഴുതുന്നവരെ സഹായിക്കുക, കൃഷി കൈത്തൊഴിൽ മുതലായവയിൽ വൈദഗ്ധ്യം കാണിക്കുന്നവരെ സഹായിക്കുക, സമ്മാനിക്കുക എന്നിവയാണ് കർമ്മപരിപാടികളിൽ ഉൾപ്പെടുന്നത്.

യോഗകാര്യങ്ങളിൽ സർവ്വതന്ത്രസ്വാതന്ത്ര്യമുള്ള ശ്രീനാരായണഗുരുവിനുപോലും യോഗോദ്ദേശങ്ങൾക്കു വിപരീതമായി പ്രവർത്തിക്കുവാൻ അധികാരമില്ല എന്ന് ഗുരു തന്റെ 15-ാം നമ്പർ നിബന്ധനയിൽ വ്യക്തമാക്കിയിട്ടുണ്ട്. മതം, സദാചാരം മുതലായവയെപ്പറ്റി പ്രസംഗങ്ങൾ ചെയ്യുന്നതിന് ആളുകളെ ഏർപ്പെടുത്തുക എന്നതും യോഗത്തിന്റെ സ്ഥാപനോദ്ദേശങ്ങളിൽ ഉൾപ്പെടുന്നു. എല്ലാ സാന്മാർഗ്ഗീക സംഗതികളേയും നശിപ്പിക്കുവാനും മതത്തെ ഉന്മൂലനം ചെയ്യുവാനും, ശ്രമിക്കുന്ന കമ്മ്യൂണിസവും യോഗവും തമ്മിൽ ആദർശത്തിലും പ്രവർത്തിയിലും വിഭിന്നങ്ങളാണെന്ന് വ്യക്തമാകുന്ന സ്ഥിതിക്ക് കാവി ഉടുത്തവരായാലും അല്ലാത്തവരായാലും യോഗത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളുമായി പൊരുത്തപ്പെടുവാൻ കഴിയാത്തവർക്ക് യോഗത്തിൽ തുടരുവാൻ അധികാരമോ, അവകാശമോ ഇല്ലാത്തതാകുന്നു. ശ്രീനാരായണധർമ്മം ഹിന്ദുധർമ്മം തന്നെയാണ്. പരിഷ്ക്കരിച്ച വിവാഹവിധി പിതൃതർപ്പണവിധി ഇവയും ഗുരു തന്നെ നിർദ്ദേശിച്ചിട്ടുണ്ട്.

കഠിനതപം ചെയ്ത് ആത്മസാക്ഷാൽക്കാരം നേടി ആയുസ്സും വച്ചസ്സും ഹോമിച്ച ത്യാഗിയായ മഹാത്മാവാണ് ഗുരു. അവനുമിവനുമൊക്കെ ഗുരുവാകാൻ ഒക്കുകയില്ലെന്ന് ശ്രീരാമകൃഷ്ണപരമഹംസർ അരുളി ചെയ്യുന്നു. ഗുരു നിർദ്ദേശിക്കുന്ന സദാചാര പദ്ധതികളാണ് ജനങ്ങളുടെ ഗാത്രക്ഷേത്രങ്ങളിലും ആരാധനാസങ്കേതങ്ങളായ ക്ഷേത്രങ്ങളിലും ചൈതന്യം നിലനിർത്താനും വളർത്താനും ഉപകരിക്കുന്നത്. ജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിൽ നടമാടുന്ന അച്ചടക്കരാഹിത്യം ആരാധനാലയങ്ങളായ ക്ഷേത്രങ്ങളിലേക്കും വ്യാപിച്ചിരിക്കുന്നു. ആത്മശക്തി പ്രഭാവത്തിൽ നില നിൽക്കുന്ന ക്ഷേത്രചൈതന്യം ആത്മശക്തിയുടെ അഭാവമുള്ള ഗുരുവേഷധാരികളുടെ കർമ്മപരിപാടികൾ വിദ്വേഷം വളർത്തുന്ന വിപ്ലവത്തിന്റെ സ്ഥിരം സമരവേദിയാക്കി തീർത്തിരിക്കുന്നു. അശാന്തിയുടെ അന്തരീക്ഷത്തിൽ ജീവിക്കുന്ന നമുക്ക് ശാന്തി കൈവരുത്താൻ ഉപകരിക്കത്തക്കവിധം ഗാത്രങ്ങളും ക്ഷേത്രങ്ങളും ചൈതന്യവത്താക്കി കാത്തു സൂക്ഷിക്കുക തന്നെ വേണം. വിദ്വേഷത്തിന്റെ വിത്തു വിതച്ച് വിപ്ലവത്തിന്റെ ഫലം കൊയ്യാൻ ഉഴുതുമറിച്ചിട്ടിരിക്കുന്ന ജനഹൃദയങ്ങൾ കളകൾ നീക്കി ശുദ്ധമാകണമെങ്കിൽ ആദിമഹസ്സിന്റെ നേരാംവഴി കാട്ടുന്ന ഗുരുവിനെ പരദൈവമായി കരുതി ആരാധിക്കാതെ തരമില്ല.

ആത്മീയതയുടെ അടിമത്തമാണ് നമ്മുടെ ഇന്നത്തെ ദുരവസ്ഥയ്ക്കു കാരണമെന്ന് സാഹിത്യചക്രവർത്തി പ്രസ്താവിക്കുന്നു. പുരാണകഥാപാത്രങ്ങൾ മദ്യം കഴിച്ചിരുന്നതു കൊണ്ട് നമുക്കും അതാകാമെന്ന് ചില സാഹിത്യകാരന്മാർ അഭിപ്രായപ്പെട്ടു കണ്ടു. അവരവരുടെ പ്രകൃതിക്കനുസരണമായി ഓരോരുത്തരും

പ്രവർത്തിക്കുന്നു. സദാചാരാനുസന്ധാനമാണ് ആത്മീയത. മനുഷ്യന്റെ ദുരിതത്തിന്റെ മുഖ്യഹേതു ഇന്ദ്രിയങ്ങളുടെ അടിമത്തമാണ്. വിദ്വേഷത്തിന്റെ വഥതാക്കളായി ഇന്ദ്രിയാരാമന്മാരായി കഴിയുന്നവർ സാന്മാർഗ്ഗികനിരതരായി സ്നേഹത്തിന്റെ പ്രവാചകന്മാരായ ആത്മരാമന്മാരായിത്തീരണം. ''മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി'' എന്ന ഗുരുദേവന്റെ സനാതനധർമ്മരഹസ്യം വെളിപ്പെടുത്തുന്ന ഉപദേശവും ഇതേ ആശയം തന്നെ വ്യക്തമാക്കുന്നു. മതസാരമായി ഗുരുദേവൻ ഊന്നിപ്പറയുന്നതും വിവേകവൃത്തി എന്നറിയപ്പെടുന്ന ആത്മീയതയാണ്. മനുഷ്യന്റെ നിത്യജീവിതവുമായി ബന്ധപ്പെട്ടതാണ് ആത്മീയത. മനസ്സിന്റെ നിയന്ത്രണമാണ് ആത്മീയത. സദാചാരബോധത്തോടു കൂടി മനസ്സിന്റെ നിയന്ത്രണത്തിൽ അധിഷ്ഠിതമായ ആത്മീയതയില്ലാതെ മനുഷ്യനു പുരോഗതിയില്ല.

ശാസ്ത്രത്തിന്റെ നേട്ടങ്ങളെല്ലാം വ്യക്തിത്വത്തിന്റെ വികസനമായ മനോനിയന്ത്രണം കൊണ്ട് നേടിയിട്ടുള്ളതത്രേ! നേട്ടം എന്തു തന്നെ ആയാലും അതു കുരങ്ങന്റെ കയ്യിലെ വാളുപോലെ ആകാതെയിരിക്കാൻ വിവേകമാണ് വേണ്ടത്. ശാസ്ത്രത്തിന്റെ മഹത്തായ നേട്ടങ്ങൾ ലോകസംഹാരതാണ്ഡവത്തിനു സംഭരിച്ച പൂജാദ്രവ്യങ്ങളായി മാറാതിരിക്കണമെങ്കിൽ ശ്രീഗുരുവായി മനതാരിൽ വിലസുന്ന പ്രേമസ്വരൂപനും ആത്മജ്ഞാനിയുമായ ശ്രീഗുരുവരുളുന്ന വിവേകം തന്നെ വേണം. ആശയവൈരുദ്ധ്യത്തിന്റെ പേരിൽ വർഗ്ഗസമരത്തിനു പ്രേരിപ്പിച്ചു മനുഷ്യരെ പര്സപരം വിദ്വേഷികളാക്കി മാറ്റി സഹോദരന്മാരുടെ തലവെട്ടിക്കളയുന്ന കിരാതന്റെ കാടത്തമല്ലാ , പ്രത്യുത സഹജാതരുടെ തലയ്ക്കകത്തുള്ള അജ്ഞാനമാകുന്ന കാട് ആത്മജ്ഞാനാഗ്നിയിൽ ഭസ്മമാക്കുന്ന വിവേകവൃത്തിയുടെ വിജ്ഞാനദീപമാണ് ഗുരുദേവൻ. കാലഹരണപ്പെട്ട കേവലഭൗതികവാദവും കാലാതീതമായി നില നിൽക്കുന്നു. ആത്മീയതയും താരതമ്യം പോലും അർഹിക്കാത്തവിധം വിഭിന്നങ്ങളാണ്. വിപ്ലവത്തിന്റെ വൈകാരിക ലഹരിയല്ല, വിവേകത്തിന്റെ വിചാരമാണ് കാലഘട്ടത്തിന്റെ ആവശ്യം.

ത്രിഭുവനസീമകടന്നുതിങ്ങി വിങ്ങും
ത്രിപുടിമുടിഞ്ഞു വിളങ്ങീടുന്ന ദീപം
കപടയതിക്കു കരസ്ഥമാക്കുകിലെ-
ന്നുപനിഷദൂക്തിരഹസ്യമോർത്തിടേണം

ഗുരുദേവന്റെ ആത്മോപദേശകത്തിലെ അമരവാണികൾ ആത്മീയത എന്നത് കോടി ജനങ്ങളിൽ ഒരാൾ കഠിനതപം ചെയ്തു നേടിയെടുക്കുന്ന മഹനീയാവസ്ഥയായി ചിത്രീകരിക്കുന്നതാണ്. ഗുരുത്വമില്ലാത്ത ആർക്കും അലഭ്യമാണ് ആത്മീയത. ആർഷഭാരതത്തിന്റെ അടിത്തറ ആത്മീയതയിൽ പടുത്തുയർത്തിയതാണ്. ആത്മീയത കൈവരാതെ സമസ്തലോകത്തിനും സുഖം ഭവിക്കാൻ ആശംസിക്കുന്നതിനു കഴിയുകയില്ല. ആത്മീയതയുടെ അടിമത്വമല്ല അഭാവമാണ് ലോകത്തിനു നേരിട്ടിരിക്കുന്ന ദുരവസ്ഥക്കു കാരണം. അധികാരത്തിന്റെ മധുരഫലങ്ങൾ ഭുജിച്ച് പ്രമേഹം ബാധിച്ചവരുടെ ഭരണമാണ് ഭരണരംഗത്ത് അഴിമതി നില നിൽക്കാൻ കാരണമായി ഭവിച്ചിരിക്കുന്നത്. കാലഹരണപ്പെട്ട ഭൗതികവാദത്തിന്റെ പ്രചാരകരായി അധികാരത്തിൽ ഇരുന്ന് അരങ്ങു തകർക്കുന്നവർക്ക് താളം പിടിക്കാൻ ഒരുങ്ങുന്നത് സാഹിത്യത്തിന്റെ പേരിലായാലും സാഹസം തന്നെയാണ്.

തനിക്കുവേണ്ടി താൻ ആഹാരം കഴിക്കുന്നു. തനിക്കു വേണ്ടി താൻ തന്നെ ചിന്തിക്കുവാൻ ആത്മീയത വേണം. അവനവനാത്മസുഖത്തിനാചരിക്കുന്നവ-യപരനുസുഖത്തിനായ് വരേണമെന്ന ഗുരുദേവന്റെ പ്രഖ്യാപനമാണ് ആത്മീയത. ഗുരുവിനെ വന്ദിച്ചില്ലെങ്കിലും നിന്ദിക്കാതിരിക്കുന്നവരെയാണ് നാം പിന്തുണക്കേണ്ടത്. ചിന്താസന്താനമാണ് ഈശ്വരവിശ്വാസം. ഈശ്വരനിഷേധം സർവ്വലോകനിയാമക ശക്തിയായ ഈശ്വരനെ നിഷേധിക്കുന്നതു കൊണ്ട് നിയമനിഷേധമാണ്. പരക്കെ പ്രചാരത്തിലുള്ള ഔഷധം മനുഷ്യശരീരത്തിൽ മാരകമായ ഫലങ്ങൾ ഉളവാക്കുമ്പോൾ സർക്കാർ അതിന്റെ ഉപയോഗം നിരോധിക്കുന്നു. നിരീശ്വരവാദത്തിലും വിദ്വേഷത്തിലും അക്രമത്തിലും അധിഷ്ഠിതമായ കമ്മ്യൂണിസം ലോകമെങ്ങുംജനങ്ങൾ നിരാകരിച്ചിട്ടും അതിന്റെ പ്രചാരകന്മാരായി വേണ്ടപ്പെട്ട പലരും നമ്മുടെ മുമ്പാകെ എത്തുമ്പോൾ നമ്മെ രക്ഷിക്കാൻ നമ്മുടെ ഹൃദയവാസിയായ ഗുരുദേവന്റെ വിവേകവൃത്തി തന്നെ വേണം. മാറ്റത്തിന്റെ കാറ്റ് മനുഷ്യന്റെ മനസ്സിൽ കടന്ന് മനം മാറി മനുഷ്യൻ നന്നാകണം. സാക്ഷരതയിൽ നിന്നും കിട്ടുന്ന അറിവല്ലാ ആത്മീയതയിൽ നിന്നും കിട്ടുന്ന തിരിച്ചറിവാണ് നമ്മെ രക്ഷിക്കുന്നത്.

ജനാധിപത്യത്തിൽ ജനങ്ങൾ ദുരിതമനുഭവിക്കുന്നത് ഭരണരംഗത്തെ അഴിമതി നിമിത്തമാണ്. രാഷ്ട്രീയത്തിൽ ധർമ്മബോധമില്ലാത്തവരുടെ സാന്നിദ്ധ്യമാണ് ഭരണരംഗത്തെ അഴിമതിക്കു നിദാനം. ഭരണമാറ്റമല്ലാ ഭരണസ്ഥിരതയും സംശുദ്ധിയുമാണ് നമ്മുക്ക് വേണ്ടത്. അഴുക്കുള്ളതു കളഞ്ഞു കുളിച്ച് വിശുദ്ധമാകണം. നിരീശ്വരവാദവും നിർമ്മതത്വവും ആധാരമാക്കി അക്രമം മുഖമുദ്രയാക്കി വർഗ്ഗസമരത്തിനു പ്രേരിപ്പിക്കുന്ന ഒരു പ്രത്യയശാസ്ത്രം ഭാരതത്തിൽ വേരോടാൻ പോകുന്നില്ല. ഭാരത സംസ്ക്കാരം ആരേയും അക്രമത്തിനു പ്രേരിപ്പിക്കുന്നില്ല. ഭാരതം ആരേയും ആക്രമിച്ചിട്ടില്ല. ഭാരതത്തെ ആക്രമിച്ചവരെല്ലാം കെട്ടുകെട്ടിക്കഴിഞ്ഞു. അവശേഷിച്ചവർ ഭാരത സംസ്ക്കാരത്തിന്റെ ഭാഗമായി മാറി. സമാധാനപൂർണ്ണമായ സ്വൈര്യജീവിതം കാംക്ഷിക്കുന്നവരാണു നാം. മതഭേദമോ രാഷ്ട്രീയ ചായ്‌വോ കൂടാതെ രാഷ്ട്രത്തിന്റെ അഖണ്ഡതയും പവിത്രമായ പാരമ്പര്യവും കാത്തുസൂക്ഷിക്കുവാൻ കടപ്പെട്ടവനാണ് ഓരോ ഭാരത പൗരനും. ജനാധിപത്യം സംരക്ഷിക്കാനുള്ള ശക്തമായ ആയുധമാണ് വോട്ടവകാശം. അക്രമത്തിന്നാഹ്വാനം ചെയ്യുന്ന നിർമ്മതന്മാരും നിരീശ്വരവാദികളുമായ ക്ഷുദ്രശക്തികളെ അമർച്ച ചെയ്യുവാൻ ആദർശധീരതയും ത്യാഗോജ്ജ്വലമായ പാരമ്പര്യവും കൈമുതലായുള്ള കരുത്തുറ്റ കരങ്ങൾ തന്നെ വേണം. ഭാരതത്തിന്റെ അഖണ്ഡതയും സംസ്ക്കാരവും പാരമ്പര്യവും കാത്തു രക്ഷിക്കുന്ന കരങ്ങൾക്ക് കരുത്തേകുകയാണ് നമ്മുടെ കർത്തവ്യധർമ്മം. (1988)

**വിശുദ്ധഖുർ ആൻ അദ്ധ്യായം 114. സൂറത്തുന്നാസ്**
**മക്കയിൽ അവതരിച്ചത്. സൂക്തങ്ങൾ 6.**

**നാസ് എന്നതിനർത്ഥം ജനങ്ങൾ എന്നാകുന്നു. പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ 1-6 (നബി) പറയുക. മനുഷ്യരിൽ നിന്നും ജിന്നുകളിൽ നിന്നും മനുഷ്യ ഹൃദയങ്ങളിൽ ദുർബോധനം നടത്തി പിൻമാറിക്കളയുന്നവന്റെ ദുർബോധനോപദ്രവത്തിൽ നിന്നും മനുഷ്യരുടെ നാഥനും മനുഷ്യരുടെ രാജാവും മനുഷ്യരുടെ ആരാധ്യനും ആയ അല്ലാഹുവിൽ ഞാൻ അഭയം തേടുന്നു.**

**കടപ്പാട്**


1. വിശുദ്ധ ഖുർആൻ അദ്ധ്യായം 114.
. സൂറത്തുന്നാസ് .

2. Marxism and Humanist Nonarchy By Nitya Chaitanya yati published by East West University of Brahmavidya, Sreenivasapuram varkala.- 695145. First edition 1975. Second edition 1987.


(പുന: പ്രസിദ്ധീകരണം സ്വാമി ഗുരുപ്രസാദ് ഈശ്വരനാമകരണ പ്രഖ്യാപനം 2014 മാർച്ച് പത്ത് 13-ാം വാർഷിക ദിനം ലോകസമാധാനത്തിന് വേണ്ടി പ്രസിദ്ധീകരിക്കുന്നത്.)